കോപ്പിറേറിവൈസേഷൻ സ്കീമനുസരിച്ച് നൽകിക്കഴിഞ്ഞു. കൂടാതെ കേന്ദ്രഗവൺമെൻറിന്റെ 50% വിഹിതത്തോടുകൂടി അർഹമായ രീതിയിലുള്ള ഷെയർ ക്യാപ്പിറൽ കോൺട്രിബ്യൂഷൻ, മാനേജീരിയൽ സബ്സിഡി മുതലായവയും നൽകിക്കഴിഞ്ഞു.

(ബി) കയറിന്റേയും കയറുൽപ്പന്നങ്ങളുടെയും ആഭ്യന്തര വിപണി വിപുലമാക്കുന്നത് നുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ വിൽപ്പനശാലകൾ തുറക്കുകയും പ്രചരണ പരിപാടി എന്ന നിലയ്ക്ക് പ്രധാനപ്പെട്ട പട്ടണങ്ങളിൽ പ്രദർശനങ്ങൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കയർ മാർക്കറ്റിംഗ് ഫെഡറേഷൻ നാഷണൽ കോ-ഓപ്പറേറ്റീവ് ഡവലപ്പുമെൻറ് കോർപ്പറേഷന്റെ ധനസഹായത്തോടെ റബ്ബറൈസ്ഡ് കയർ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

ഖാദി വ്യവസായബോർഡിന്റെ ഡിപ്പോകളിലെ തുണികളുടെ സ്റ്റോക്ക്

244 [557] ശ്രീ. സി. വാസുദേവമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഖാദി—ഗ്രാമവ്യവസായ ബോർഡിന്റെ വിവിധ ഡിപ്പോകളിൽ എത്ര രൂപയുടെ തുണി ഇപ്പോൾ സ്റ്റോക്കുണ്ട്;

(ബി) 1982—83 കാലയളവിൽ എത്ര രൂപയുടെ തുണിയാണ് വിറ്റഴിഞ്ഞത്;

(സി) 1983—84 കാലയളവിൽ എത്രയായിരുന്നു;

(ഡി) 1983—84-ൽ മുൻ വർഷത്തെ അപേക്ഷിച്ച് വിൽപ്പന കുറവായിരുന്നുവോ;

(ഇ) എങ്കിൽ എന്താണ് അതിനു കാരണം;

(എഫ്) ആരോഗ്യ വകുപ്പ് ഖാദി—ഗ്രാമവ്യവസായ ബോർഡിൽ നിന്നു തുണി വാങ്ങുന്നതിൽ കുറവു വരുത്തിയിട്ടുണ്ടോ;

(ജി) എങ്കിൽ എന്താണ് കാരണം?

ഉത്തരം

(എ) 31—3—1985 ലെ കണക്കു പ്രകാരം 2,58,22,123.17 രൂപയുടെ തുണിത്തരങ്ങൾ സ്റ്റോക്കുണ്ട്.

(ബി) 97.19 ലക്ഷം രൂപയുടെ.

(സി) 103.21 ലക്ഷം രൂപ.

(ഡി) അല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്) ഉണ്ട്.

(ജി) ആരോഗ്യ വകുപ്പ് തുണിത്തരങ്ങൾ വാങ്ങുന്നതിൽ വരുത്തിയ നയവ്യതിയാനമാണ് കാരണം.

രത്നഖനനം

245 [559] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ രത്നങ്ങളുടെ ഖനനസാദ്ധ്യത സംബന്ധിച്ച് ഗവൺമെൻറ് എന്തെല്ലാം പഠനങ്ങൾ നടത്തിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഖനന സാദ്ധ്യതയുള്ള രത്നങ്ങൾ എവിടെയെല്ലാമുണ്ട്;

(സി) ഏതുതരത്തിലുള്ള രത്നമാണ് ഇവിടെ അധികം ഉള്ളത്;

(ഡി) രത്നങ്ങൾ കുഴിച്ചെടുക്കാൻ ആർക്കെല്ലാം ലൈസൻസ് നൽകിയിട്ടുണ്ട്;

(ഇ) അനധികൃതമായി രത്നങ്ങൾ കുഴിച്ചെടുക്കുന്നതു തടയാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്;

(എഫ്) ഖനനം ഗവൺമെൻറ് ഉടമയിൽ ആക്കാൻ നടപടികൾ എടുക്കുമോ?

ഉത്തരം

(എ) ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ, മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ് എന്നീ വകുപ്പുകൾ നടത്തിയിട്ടുള്ള പഠനങ്ങൾക്കു പുറമേ ഐക്യരാഷ്ട്ര സംഘടനയുടെ സഹായത്തോടെ കേരള ഖനിജ പര്യവേഷണ വികസന പദ്ധതി (കെ.എം.ഇ.ഡി.പി.) 1977-നും 1980-നും ഇടയ്ക്ക് രത്ന നിക്ഷേപങ്ങളുടെ ഖനന സാദ്ധ്യതയെക്കുറിച്ച് ഒരു പഠനം നടത്തുകയുണ്ടായി.

മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ് ഗവൺമെൻറ് നിർദ്ദേശിച്ചതനുസരിച്ച് രത്ന വ്യവസായം വികസിപ്പിക്കുന്നതു സംബന്ധിച്ച് ഒരു സാങ്കേതിക-സാമ്പത്തിക സർവ്വേയും നടത്തുകയുണ്ടായി.

(ബി) തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ ചില സ്ഥലങ്ങളിലാണ് ഖനന സാദ്ധ്യതയുള്ള രത്നങ്ങൾ നിക്ഷേപമുള്ളത്.

(സി) ക്രിസേബറിൽ (വൈഡൂര്യം) ഇനത്തിൽപ്പെട്ട കല്ലുകളാണ് കൂടുതലുള്ളത്.

(ഡി) ആർക്കും ലൈസൻസ് നൽകിയിട്ടില്ല.

(ഇ) അനധികൃതമായി രത്നം കുഴിച്ചെടുക്കുന്നതു ശ്രദ്ധയിൽപ്പെട്ടാൽ എം.എം. (ആർ.ഡി.) ആക്ടിൻ പ്രകാരമുള്ള നടപടികളെടുക്കുന്നുണ്ട്.

(എഫ്) ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനിലെ പുതിയ നിയമങ്ങൾ

246 [560] ശ്രീ. സി. വാസുദേവമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനിലെ പുതിയ നിയമനങ്ങൾ മരവിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്നാണ് ഉത്തരവ് പുറപ്പെടുവിച്ചത്;

(സി) എത്ര കാലത്തേയ്ക്കാണ് ഇതു ബാധകമായിരിക്കുക;

(ഡി) ഇതിന്റെ അടിസ്ഥാനത്തിൽ പി.എസ്.സി. യുടെ നിലവിലുള്ള ലിസ്റ്റുകളിൽനിന്നും നിയമനം നടത്തരുതെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly